കശുവണ്ടി കോർപ്പറേഷന്റെ ഫാക്ടറിയിലെ തൊഴിൽ ദിനങ്ങൾ

17 (2014) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. നാരായണൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ ഈ വർഷം എത്ര ദിവസം ജോലി നൽകിയിട്ടുണ്ട് ;

(ബി) ഈ വർഷം ഇനി എത്ര ദിവസങ്ങൾ കൂടി ജോലി നൽകാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) കാപ്പെക്സ് ഈ വർഷം എത്ര തൊഴിൽ ദിനങ്ങൾ ഇതുവരെ നൽകി ; ഇനി എത്ര നൽകാൻ ഉദ്ദേശിക്കുന്നു ;

(ഡി) കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിലേയ്ക്ക് ആവശ്യമായ കശുവണ്ടി ആഭ്യന്തരമായി എത്ര ടൺ ശേഖരിച്ചു ;

(ഇ) ഇറക്കുമതി ചെയ്തത് എത്ര ടൺ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ ഈ വർഷം ഇതു വരെ ശരാശരി 105 ദിവസം ജോലി നൽകിയിട്ടുണ്ട്.

(ബി) ഇനി കുറഞ്ഞത് 100 ദിവസത്തേയ്ക്കുകൂടി ജോലി നൽകാൻ ഉദ്ദേശിക്കുന്നു.

(സി) ഈ വർഷം ഇതുവരെ 57 തൊഴിൽ ദിനങ്ങൾ നൽകി. 68 ദിവസങ്ങൾ കൂടി തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്നു.

(ഡി) കശുവണ്ടി വികസന കോർപ്പറേഷൻ 1606 മെ. ടണ്ണും, കാപ്പെക്സ് 600 മെ. ടണ്ണും കശുവണ്ടി ഈ വർഷം നാളിതുവരെ ആഭ്യന്തരമായി സംഭരിച്ചു.

(ഇ) ഈ വർഷം നാളിതുവരെ കശുവണ്ടി വികസന കോർപ്പറേഷൻ 22,500 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. കൂടാതെ 5000 മെട്രിക് ടൺ ഇറക്കുമതി ചെയ്യുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കാപ്പെക്സ് 1750 മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്

18 (2015) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റിപ്പുറത്തെ കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസിൽ എത്ര തൊഴിലാളികൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly